I ഇ.ബി. XII - കേരള നിയമസഭ/XVII-3

## പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 8, ചൊവ്വ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### തിരുത്തിയ ഉത്തരം

(1) 29-12-2010-ലെ നക്ഷത്രചിഹ്നമിട്ട 186-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

XII-ാം കേരള നിയമസഭയുടെ XVI-ാം സമ്മേളനത്തിലെ 2010 ഡിസംബർ 29-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 186-ാം നമ്പർ ചോദ്യത്തിലെ (എ), (ബി) എന്നീ പിരിവുകളുടെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(2) 22-12-2010-ലെ നക്ഷത്രചിഹ്നമിട്ട 58-ാം നമ്പർ ചോദ്യത്തിന്റെയും നക്ഷത്രചിഹ്നമിടാത്ത 510, 511 എന്നീ നമ്പർ ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരം

XII-ാം കേരള നിയമസഭയുടെ XVI-ാം സമ്മേളനത്തിലെ 2010

ഡിസംബർ 22-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 58-ാം നമ്പർ ചോദ്യത്തിലെ (ഡി) പിരിവ്, നക്ഷത്രചിഹ്നമിടാത്ത 510-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവ്, നക്ഷത്രചിഹ്നമിടാത്ത 511-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവ് എന്നിവയിലുള്ള തിരുത്തിയ ഉത്തരം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തിര പ്രമേയം**

നിയമനത്തട്ടിപ്പും പിൻവാതിൽ നിയമനവും

മി. സ്പീക്കർ : പി.എസ്.സി.-യുടെ വിശ്വാസ്യതയെ ഇല്ലാതാക്കുന്ന വിധത്തിൽ നിയമനത്തട്ടിപ്പും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരെ അവഗണിച്ചുകൊണ്ട് പിൻവാതിൽ നിയമനവും നടക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. സി. ജോർജ്, കെ. പി. മോഹനൻ, സി. ടി. അഹമ്മദ് അലി, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2010 ഡിസംബർ മാസം 31 വരെ 151000-ൽപ്പരം പേർക്ക് പി.എസ്.സി. വഴി നിയമനം നൽകുകയും പുതിയതായി 30000 തസ്തികകൾ സൃഷ്ടിക്കുകയും ദേവസ്വം ബോർഡ്, സ്പോർട്ട്സ് കൗൺസിൽ തുടങ്ങി നിരവധി സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയും ചെയ്തു. സർവ്വകലാശാലകളിലെ അധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ

തീരുമാനിക്കുകയും അതിനനുസൃതമായി സർവ്വകലാശാല നിയമത്തിലും പി.എസ്.സി. നിയമത്തിലും ഭേദഗതി വരുത്തുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പ്രൊഡക്ടിവിറ്റി കൗൺസിൽ, കിറ്റ്കോ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖേനയുള്ള എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഈ സർക്കാർ വന്നതിനുശേഷം 60000 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുകയുണ്ടായി. പി.എസ്.സി. ശുപാർശ ചെയ്യാത്തവർ സർക്കാർ സർവ്വീസിൽ കയറിപ്പറ്റിയെന്ന വിവരം ലഭിച്ചയുടൻതന്നെ നിയമനത്തട്ടിപ്പ് പൂർണ്ണമായി തടയാൻ കർശന നടപടി സ്വീകരിക്കുകയും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സർക്കാർ സർവ്വീസിൽ നടത്തിയ മുഴുവൻ നിയമനങ്ങളും സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര കമ്മിറ്റിയിൽ പ്രത്യേകം സെല്ലുകൾ രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : പി.എസ്.സി.-യുടെ വ്യാജ ഹാൾ ടിക്കറ്റുണ്ടാക്കി വ്യാജനിയമനത്തിലൂടെ നാലുവർഷം സർക്കാർ ശമ്പളം കൈപ്പറ്റിയ അഭിലാഷ് പിള്ള നേതൃത്വം നൽകിയ വയനാട്ടിലെ നിയമനത്തട്ടിപ്പും നെല്ലിയാമ്പതിയിൽ ദിനേശൻ എന്നയാളുടെ വ്യാജ നിയമനവും കൊല്ലത്ത് ഫോണിലൂടെ ഉത്തരം പറഞ്ഞുകൊടുത്ത് എസ്.ഐ. തസ്തികയിലേയ്ക്ക് പ്രവേശനം നേടിയതുമായ സംഭവങ്ങൾ ഉണ്ടായത് ഈ സർക്കാരിന്റെ കാലത്താണ്. കേരള സർവ്വകലാശാല അസിസ്റ്റന്റ്

നിയമനത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റീസ് സുകുമാരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിലൂടെ ഒ.എം.ആർ. ആൻസർ ഷീറ്റ് കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ പ്രതിപക്ഷത്തെ നേരിടാനുള്ള ആയുധമായിട്ടുമാത്രമാണ് സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്. വ്യാജ നിയമനം നേടിയ 200 പേരെ പിരിച്ചുവിടണമെന്ന ലോകായുക്തയുടെ വിധിയിൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വ്യക്തമാക്കണം. സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന്റെ ഭാഗമായി സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ സമയം ആവശ്യമാണെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവ്വകലാശാലകൾ നടപടി സ്വീകരിച്ചോയെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കണം. കാലാവധി അവസാനിക്കാൻ പോകുന്ന സന്ദർഭത്തിൽ ഇഷ്ടമുള്ള ആളുകളെ സർവ്വകലാശാലകളുടെ അനദ്ധ്യാപക തസ്തികകളിൽ തിരുകിക്കയറ്റാൻ സർക്കാർ ശ്രമിക്കുകയാണ്. എം.ജി. സർവ്വകലാശാലയിൽ കംപ്യൂട്ടർ പ്രോഗ്രാമർ തസ്തിക പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ച ശേഷം സ്പെഷ്യൽ ഓർഡർ വഴി നിയമനം നടത്താൻ സർവ്വകലാശാലയ്ക്ക് വീണ്ടും അധികാരം നൽകിയിരിക്കുകയാണ്. പുതുതായി പ്രവർത്തനം ആരംഭിക്കാൻ പോകുന്ന ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനത്തിൽ വ്യാപകമായ അഴിമതി നടത്താൻ ശ്രമിക്കുകയാണ്. അവിടത്തെ നിയമനങ്ങളുമായി ബന്ധപ്പെട്ട് പ്രൊഡക്റ്റിവിറ്റി കൗൺസിലിനാണ് ടെസ്റ്റ് നടത്താനുള്ള ചുമതല നൽകിയിരിക്കുന്നത്. എന്നാൽ പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റ് യഥാസമയം ലഭിക്കാത്ത

തിനാൽ പല ഉദ്യോഗാർത്ഥികൾക്കും പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുകയും നേരത്തെ നിശ്ചയിച്ച ആളുകളെ പിൻവാതിലിലൂടെ നിയമിക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ഒരേ സമയത്ത് വിവിധ സ്ഥാപനങ്ങളിലേയ്ക്കുള്ള പരീക്ഷകൾ നടത്തുന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലേയ്ക്കുള്ള പരീക്ഷകൾ എഴുതാനുള്ള അവസരവും നിഷേധിച്ചിരിക്കുകയാണ്. അനെർട്ടിൽ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ തീരുമാനിച്ചത് അനെർട്ടിലെ ഉന്നതതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ലോകായുക്ത അഫിഡവിറ്റ് പ്രകാരം ഉന്നതതല കമ്മിറ്റിയുടെ തീരുമാനം സർക്കാരിന്റെ അപ്രൂവലിന് സമർപ്പിച്ചിരിക്കുകയാണ്. ഇവിടെയെല്ലാം താല്പര്യമുള്ള ആളുകളെ നിയമിച്ചശേഷം അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ച് സർക്കാരിലേയ്ക്ക് അപ്രൂവലിന് അയച്ചിരിക്കുകയാണ്. സംവരണ മാനദണ്ഡങ്ങൾ പാലിക്കാതെ താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കാതെ പിൻവാതിൽ നിയമനം നടത്തുന്നതിനെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രൊഫഷണൽ ഏജൻസികളായ പ്രൊഡക്റ്റിവിറ്റി കൗൺസിൽ, കിറ്റ്കോ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജുമെന്റ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന എഴുത്തു പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തി

ലാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ നടത്തുന്നത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി.-ക്കുവിടാൻ തീരുമാനിച്ചാൽ 1971-ലെ കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ ആന്റ് കമ്പനീസ് റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും അത് സർക്കാരും പി.എസ്.സി.യും സർവ്വകലാശാലകളും അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേയൻ, സി.ടി. അഹമ്മദ് അലി, പി.ജെ.ജോസഫ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശുപാർശകളിലെ അപാകതകൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളുടെ ശമ്പളസ്കെയിൽ തമ്മിൽ നിലവിലുണ്ടായിരുന്ന സന്തുലിതാവസ്ഥ ഇല്ലാതാക്കുന്ന തരത്തിലാണ് ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശ സമർപ്പിച്ചിരിക്കുന്നത്. സാങ്കേതിക വിഭാഗത്തിലും ജനറൽ വിഭാഗത്തിലും ഫീൽഡ് വിഭാഗത്തിലും നിലവിലുണ്ടായിരുന്ന ശമ്പള സ്ക്കെയിലുകൾ മാറ്റംവരുത്തി

നിരവധി തസ്തികകൾ തരംതാഴ്ത്തപ്പെട്ടിരിക്കുകയാണ്. സമാന തസ്തിക കൾക്ക് സമാനമായ ശമ്പള സ്കെയിൽ അനുവദിക്കണം. സർവ്വീസ് വെയിറ്റേജ് ആയി പുതിയ സ്കെയിലിൽ പരമാവധി നാല് ഇൻക്രിമെന്റുകൾ അനുവദിക്കണം. വിലക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ശമ്പള ഘടന അനുവദിക്കണം. പാർട്ട് ടൈം ജീവനക്കാർക്ക് ഒരു ദിവസം പത്ത് രൂപയുടെ വർദ്ധനവു മാത്രമാണനുവദിച്ചിട്ടുള്ളത്. പെൻഷൻ, കുടുംബ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയുടെ കാര്യത്തിലും കമ്മീഷൻ സ്വീകരിച്ച നിലപാട് ശരിയല്ല. ഫുൾ പെൻഷനുള്ള സർവ്വീസ് ദൈർഘ്യം കുറയ്ക്കുന്ന തിന് നടപടി സ്വീകരിക്കണം. കമ്മീഷന്റെ ശുപാർശയിൽ അസംതൃപ്തരായ സർക്കാർ ജീവനക്കാരുടെ നിസ്സഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ഉൾപ്പെടെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനത്തെ ബാധിച്ചിരി ക്കുകയാണ്. മന്ത്രിസഭാ ഉപസമിതി യുക്തമായ തീരുമാനമെടുത്ത് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേ റിയറ്റ് മാർച്ചിലും സമരത്തിലും പങ്കെടുക്കുന്ന ഹെൽത്ത് സർവ്വീസസിലെ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുന്ന ഡയസ്നോൺ പിൻവലിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഒമ്പതാം ശമ്പള കമ്മീഷൻ റിപ്പോർട്ട് ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഏഴംഗ മന്ത്രി സഭാ ഉപസമിതി പഠിച്ചുവരികയാണ്. അരിയേഴ്സ് ഒഴികെ ശമ്പള പരിഷ്ക്കര ണത്തിന് ഒരു വർഷം ചുരുങ്ങിയത് രണ്ടായിരം കോടി രൂപയുടെ അധികച്ചെലവ് പ്രതീക്ഷിക്കുന്നു. കമ്മീഷൻ ചില വിഭാഗങ്ങൾക്ക് ശമ്പളക്കൂടു തൽ നിശ്ചയിച്ചതിൽ അസംതൃപ്തരായ മറ്റ് വിഭാഗം ജീവനക്കാർ നൽകിയ നിവേദനം വിശദമായി പരിശോധിച്ച് അവരുടെ പ്രശ്നങ്ങൾ

അനുഭാവപൂർവ്വം പരിഹരിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. ഇത് പരിഹരിക്കുന്നതോടൊപ്പം ഈ മാസം തന്നെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ഇറക്കേണ്ടതായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയിട്ടും സെക്രട്ടേറിയറ്റ് മാർച്ച് ഉൾപ്പെടെയുള്ള സമര പരിപാടികളുമായി മുന്നോ പോകുന്ന ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കുന്നതാണ്.

(2) സ്ത്രീപീഡനക്കേസ്സുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സ്ത്രീ പീഡനക്കേസ്സുകളിൽ അന്വേഷണവും വിചാരണയും അട്ടിമറിക്കപ്പെട്ടതായ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത കേസ്സുകളിലെ പ്രതികൾ രക്ഷപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പ്രമാദമായ കുറ്റകൃത്യങ്ങൾ തെളിവുകളുടെ അഭാവത്തിൽ തെളിയിക്കപ്പെടാതെ പോകാറുണ്ട്. നീതിന്യായ കോടതികളെപ്പോലും പണംകൊടുത്ത് സ്വാധീനിക്കുന്ന വിവരം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്.

(ശ്രദ്ധക്ഷണിക്കൽ പ്രമേയാവതരണത്തിനിടയിലുണ്ടായ ബഹളത്തെത്തുടർന്ന് സഭാനടപടികൾ തടസ്സപ്പെട്ടതിനാൽ 10.17-ന് സഭ നിർത്തിവയ്ക്കുകയും 10.52-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭയിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. അതനുസരിച്ച് ഒട്ടേറെ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരു

പ്രശ്നമുണ്ടാകുമ്പോൾ തന്റെ സീറ്റ് വിട്ട് മറ്റ് അംഗങ്ങളുടെ ഇരിപ്പിടങ്ങളി ലേയ്ക്ക് പോകുന്നതും വാക്കേറ്റത്തിന് മുതിരുന്നതും നല്ല പാർലമെന്ററി പ്രവർത്തനത്തിന് യോജിച്ചതല്ല. എല്ലാ അംഗങ്ങളും പരസ്പര ബഹുമാന ത്തോടും സഹിഷ്ണുതയോടുംകൂടി പെരുമാറേണ്ടതാണെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: സ്ത്രീ പീഡന കേസ്സുകളിൽ മൊഴി മാറ്റുന്നതിന് പണം കൊടുത്ത് പ്രേരിപ്പിക്കുന്ന അനുഭവം ഉണ്ടാകുന്നുണ്ട്. ഐസ്ക്രീം പാർലർ കേസിനെക്കുറിച്ച് പുറത്തുവന്നിട്ടുള്ള കാര്യങ്ങളുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തി പ്രതികളെ ശിക്ഷിക്കാനാവശ്യ മായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇപ്പോൾ രജിസ്റ്റർ ചെയ്ത കേസുകൾ അന്വേ ഷിക്കുന്നതിന് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജുഡീഷ്യറിയ്ക്കെതിരായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച് പരിശോധിച്ച് ഹൈക്കോടതിയെ അറിയിക്കുന്ന താണ്. അഴിമതി നിരോധന നിയമപ്രകാരം പരിശോധിക്കേണ്ട കാര്യങ്ങൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻസ് ബ്യൂറോ പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

(1) ജില്ലാതല നിയമനങ്ങൾക്ക് വെയ്റ്റേജ് മാർക്ക്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ജില്ലാതല നിയമനങ്ങളിൽ അതതു ജില്ലക്കാർക്ക് അഞ്ച് മാർക്ക് വീതം ഗ്രേസ് മാർക്ക് നൽകണമെന്ന വിജ്ഞാപനം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എല്ലാ ജില്ലാതല നിയമനങ്ങൾക്കും അതതു ജില്ലകളിലുള്ളവർക്ക് വെയ്റ്റേജായി അഞ്ചു മാർക്ക് നൽകാനും അർഹരാകുന്നവർക്ക് തഹസീൽദാർമാരുടെ റാങ്കിൽ കുറയാത്ത പദവിയിലുള്ള ആൾ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കെ.എസ്.എസ്.ആർ.-ലെ ചട്ടം 5 (എ)-യുടെ അനുബന്ധം നീക്കം ചെയ്യാനുമുള്ള കെ.പി.എസ്.സി.-യുടെ ശുപാർശ 3-7-2008-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് തയ്യാറാക്കിയ വിജ്ഞാപനം നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചതിനു ശേഷം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(2) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് ശ്രീചിത്തിരവിലാസം ബോയ്സ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാനും പ്ലസ് ടു കോഴ്സ് ഇല്ലാത്ത പഞ്ചായത്തുകളിലെ സ്കൂളുകളിൽ ഈ കോഴ്സ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും ഹയർ സെക്കണ്ടറിയോ അല്ലെങ്കിൽ സമാന കോഴ്സുകളോ പഠിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ഒരു ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കണമെന്ന

നയം സർക്കാർ അംഗീകരിക്കുകയും ഒന്നാം ഘട്ടമായി തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലും ഇടുക്കി ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഈ വർഷം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ നയം എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, ജനസാന്ദ്രത, തീരപ്രദേശം, ന്യൂനപക്ഷ സമൂഹങ്ങൾ കൂടുതലായി വസിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലും നിലവിൽ ഒരു ഹയർ സെക്കണ്ടറി സ്കൂൾ മാത്രം ഉള്ള സ്ഥലങ്ങളിലും ആവശ്യമുള്ളപക്ഷം പുതിയ ബാച്ചുകൾ അനുവദിക്കുന്നതാണ്. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്കൂളുകൾ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇത് നടപ്പിലാക്കുന്ന സന്ദർഭത്തിൽ ചിറയിൻകീഴ് ശ്രീചിത്തിരവിലാസം ബോയ്സ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) <u>കാട്ടാനകളുടെ ആക്രമണം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം പരിഹരിക്കാനും കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വഴിക്കടവ് പഞ്ചായത്തിലെ സിദ്ദിഖിന്റെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായം ഉടൻ നൽകാനും പുഞ്ചക്കൊല്ലി അളക്കൽ ട്രൈബൽ കോളനിയിൽ ശല്യം ചെയ്യുന്ന പ്രത്യേക മോഴ ആനയെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടനുസരിച്ച് വേട്ടയാടാനുമുള്ള നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): നിലമ്പൂർ മേഖലയിലെ വന്യമൃഗ ശല്യം പരിഹരിക്കുന്നതിനായി നിലമ്പൂർ സൗത്ത്, നോർത്ത് മേഖലകളിൽ 42.36 ലക്ഷം രൂപ ചെലവഴിച്ച് 50.19 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലിയും 39.97 ലക്ഷം രൂപ ചെലവഴിച്ച് 4.52 കി.മീ. ദൂരത്തിൽ ആനക്കിടങ്ങുകളും നിർമ്മിക്കുകയും വന്യമൃഗങ്ങൾക്ക് ആഹാര-ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 8 തടയണകളും 15 കുളങ്ങളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട സിദ്ദിഖിന്റെ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ്. പ്രത്യേകമായി ശല്യം ചെയ്യുന്ന മോഴ ആനയ്ക്ക് റേഡിയോ കോളർ ഘടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശല്യമുണ്ടാക്കുന്ന വന്യജീവികളെ വേട്ടയാടുന്നതിന് വൈൽഡ് ലൈഫ് ആക്ടിൽ വ്യവസ്ഥയുണ്ടെങ്കിലും അതിനെതിരെ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ഇതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) പാരാ മെഡിക്കൽ സ്റ്റാഫിനെയും സർജനെയും നിയമിക്കാൻ നടപടി

ശ്രീ. സി. കെ. സദാശിവൻ: കായംകുളം സർക്കാർ ആശുപത്രിയിൽ നിർത്തലാക്കിയ സർജന്റെ തസ്തിക പുന:സ്ഥാപിക്കുകയും പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കായംകുളം താലൂക്കാശുപത്രിയിൽ സർജനെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

(5) രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. സി.എം. ദിനേശ് മണി : വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം കൊച്ചി രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ നിലനിർത്താനും അവിടത്തെ തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ ഒരു സർവ്വകക്ഷിസംഘം പ്രധാനമന്ത്രിയെക്കണ്ട് ഈ ആവശ്യം ഉന്നയിക്കാനും തയ്യാറാകണം.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള): വല്ലാർപാടത്ത് ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ബി.ഒ.ടി. വ്യവസ്ഥയിൽ ആരംഭിക്കുന്നതിനു വേണ്ടി കൊച്ചിൻ പോർട്ട് ട്രസ്റ്റും സ്വകാര്യ കമ്പനിയായ ദുബായ് പോർട്ട്സ് വേൾഡും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് 2.5 മില്ല്യൺ ടി.ഇ.യു. എത്തുന്നതുവരെ തുടർച്ചയായ മൂന്ന് വർഷത്തേയ്ക്ക് സമീപത്ത് മറ്റ് ടെർമിനലുകൾ ലൈസൻസർ ഓപ്പറേറ്റ് ചെയ്യാൻ പാടില്ല എന്നാണ്. ലൈസൻസറുടേയും ലൈസൻസിയുടേയും ഉഭയസമ്മതപ്രകാര

മുള്ള വ്യവസ്ഥകൾക്കനുസൃതമായേ കോസ്റ്റൽ വെസൽസ് ലൈസൻസർക്ക് കൈകാര്യം ചെയ്യാനാകൂ. അതുകൊണ്ട് ദുബായ് പോർട്ട്സ് വേൾഡിന്റെ അനുമതിയില്ലാതെ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഓപ്പറേറ്റ് ചെയ്യാനാവില്ലെന്നും കോസ്റ്റൽ കണ്ടെയ്നർ ക്രയവിക്രയ പ്രവർത്തനങ്ങൾ തുടരുന്നതിൽ ദുബായ് പോർട്ട്സ് വേൾഡ് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ടെർമിനൽ മദർ വെസലുകൾ വരുന്ന ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി പ്രവർത്തിപ്പിക്കുകയും രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഒരു ഡെഡിക്കേറ്റഡ് കാർഗോ ടെർമിനലായോ, കോസ്റ്റൽ ഷിപ്പിംഗ് ടെർമിനലായോ തുടർന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യണമെന്നതാണ് കേരള സർക്കാരിന്റെ അഭിപ്രായം. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിലേയ്ക്കായി മുഖ്യമന്ത്രി 05-02-2011-ൽ പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്.

(6) <u>ആലപ്പുഴ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ</u>

<u>ശ്രീ. എ. എ. ഷുക്കൂർ</u> : ആലപ്പുഴ ജനറൽ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരോ, മരുന്നോ, മറ്റ് സ്റ്റാഫോ ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. 400 കിടക്കകളുള്ള ആശുപത്രിയായി പ്രഖ്യാപിച്ചെങ്കിലും 200-ൽ കൂടുതൽ നൽകാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഈ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ആലപ്പുഴ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി മാറ്റുകയും മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയും ചെയ്തതോടുകൂടി കുറേയേറെ ചികിത്സാ സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ അവിടെ 28 ഡോക്ടർമാർ വർക്ക് ചെയ്യുന്നുണ്ട്. ആലപ്പുഴ വെയർഹൗസിൽ 3 മാസത്തേയ്ക്കുള്ള മരുന്ന് സ്റ്റോക്കുണ്ട്. അവിടെ മരുന്നില്ല എന്ന് ആരോഗ്യ വകുപ്പുമന്ത്രിക്കോ വകുപ്പ് ഡയറക്ടർക്കോ ആശുപത്രി സൂപ്രണ്ട് രേഖാമൂലം എഴുതിത്തന്നാൽ പരിശോധിക്കാം. ഡോക്ടർമാർ പ്രതിബദ്ധതയോടെ ജോലി ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്നതും പരിശോധിക്കുന്നതാണ്.

(7) ടി.ആർ.ആന്റ്.ടി.തോട്ടത്തിലെ സമരം

ശ്രീ. കെ. രാജു: സമരത്തിലേർപ്പെട്ടിരിക്കുന്ന പത്തനാപുരം ടി.ആർ. ആന്റ് ടി. തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗീകരിച്ച നിരക്കിലുള്ള കൂലി ലഭ്യമാക്കാനും തൊഴിലാളികളുടെ കൂലിയിൽനിന്നും മാനേജ്മെന്റ് അനധികൃതമായി പിടിച്ചെടുത്ത തുക തിരികെ കൊടുക്കാനും മാനേജ്മെന്റിനെതിരെ കർശന നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ടി.ആർ.ആന്റ് ടി. തോട്ടത്തിൽ നിരന്തരമായി സമരം നടക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. തോട്ടം ഉടമയ്ക്കെതിരെ ലേബർ ഡിപ്പാർട്ട്മെന്റ് സാധ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം അടച്ചിട്ടിരിക്കുന്ന തോട്ടം ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(8) ഫിഷറീസ് ഹാർബറിന്റെ വിപുലീകരണം

ശ്രീ. എ. കെ. ശശീന്ദ്രൻ : കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നവീകരണ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി 200 മീറ്റർ നീളത്തിലുള്ള വാർഫ് നിർമ്മിച്ച് പുതിയാപ്പ ഫിഷിംഗ് ഹാർബർ വിപുലീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനുവേണ്ടി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന് സമർപ്പിച്ചതിനുപുറമേ പുതുതായി 75 മീറ്റർ നീളത്തിൽ വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും സമർപ്പിച്ചിരുന്നുവെങ്കിലും അതിന് ധനസഹായം അനുവദിക്കുകയുണ്ടായില്ല. ഹാർബറിന്റെ നവീകരണത്തിനായി അനുവദിച്ച 280 ലക്ഷം രൂപ ഉപയോഗിച്ച് ഫിഷ് ലാന്റിംഗ് ഏരിയ, പാർക്കിംഗ് ഏരിയ എന്നിവ വിപുലപ്പെടുത്തൽ, ഡ്രെയിനേജ്-ടോയ്ലറ്റ് സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, ഹാർബർ ബേസിനകത്ത് 25 മീറ്റർ പൊക്കത്തിലുള്ള 3 ഹൈമാസ്ക് ലൈറ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഹാർബറിൽ നിലവിലുള്ള വാർഫുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തിരമായി തയ്യാറാക്കി വീണ്ടും സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) <u>കൂമ്പിച്ചൽ കടവിൽ പാലം</u>

<u>ശ്രീ. ആർ. സെൽവരാജ്:</u> അമ്പൂരി പഞ്ചായത്തിൽ നെയ്യാർ റിസർവോയറിനു കുറുകെ കൂമ്പിച്ചൽ കടവിൽ പാലം നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> അമ്പൂരി പഞ്ചായത്തിൽ നെയ്യാർ റിസർവോയറിന് കുറുകെ കൂമ്പിച്ചൽ കടവിൽ പാലം നിർമ്മിക്കുന്നതിന് 14 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നുവെങ്കിലും നടപ്പുവർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്താതിരുന്നതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. സർക്കാർ പ്രത്യേകമായി പരിഗണിച്ച് പാലം പണിക്കാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

<u>ശ്രീ. രാജു എബ്രഹാം:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. കുറ്റവാളികളെ എത്രയുംപെട്ടെന്ന് കണ്ടെത്താൻ കഴിയുന്നവിധത്തിൽ പോലീസ് സംവിധാനം സുസജ്ജമാക്കി. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അഴിമതിരഹിത ഭരണം നടത്താനും മലയോര കൈവശ കൃഷിക്കാർക്ക് പട്ടയം നൽകാനും ഈ ഗവൺമെന്റിനു കഴിഞ്ഞു. സ്മാർട്ട് സിറ്റി കരാർ നടപ്പിലാക്കുന്നതോടുകൂടി

90000 പേർക്ക് തൊഴിൽ ലഭിക്കും. ഇൻഫോപാർക്കിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.പി. അനിൽ കുമാർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. അഞ്ചു വർഷം ഗവർണ്ണർ നടത്തിയ പ്രസംഗത്തിലെ പ്രഖ്യാപനങ്ങളൊന്നുംതന്നെ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മാഫിയകളെ നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുകയാണ്. കേന്ദ്ര പദ്ധതികളൊന്നുംതന്നെ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികളാണ് കേരളത്തെ ആഗോളമാന്ദ്യത്തിൽ നിന്നും രക്ഷപ്പെടാൻ സഹായിച്ചത്. സംസ്ഥാനത്ത് കേന്ദ്രപദ്ധതികളല്ലാതെ മറ്റൊന്നും കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. വ്യവസായ നിക്ഷേപരംഗം തകർന്നിരിക്കുന്നു. ഘടകകക്ഷികളുമായുള്ള ഭിന്നത കാരണം വികസന പ്രവർത്തനങ്ങൾ മുരടിച്ചിരിക്കുന്നു. വ്യക്തികളെ തേജോവധം ചെയ്യാനുള്ള നടപടി തുടർന്നാൽ കേരളത്തിന്റെ രാഷ്ട്രീയ സാംസ്ക്കാരിക അന്തരീക്ഷം തകരും. ക്രെഡിബിലിറ്റിയില്ലാത്ത ആളുകളുടെ വാക്കുകൾ വിശ്വസിച്ച് കേസ്സെടുത്തിരിക്കുന്നത് ഖേദകരമാണ്. യുവതലമുറയെ വഴിതെറ്റിക്കുന്ന നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണം.

ശ്രീ. പി. തിലോത്തമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ നയപ്രഖ്യാപനം ജനങ്ങളോടും സംസ്ഥാനത്തോടുമുള്ള പ്രതിബദ്ധത തെളിയിക്കുന്നതാണ്. കാലികമായ വെല്ലുവിളികളെ പ്രതിരോധിച്ചും അതിജീവിച്ചും ലക്ഷ്യത്തിന്റെ പൂർണ്ണതയിലെത്താനാണ്

സർക്കാർ ശ്രമിക്കുന്നത്. പൊതുഭരണത്തിൽ സംസ്ഥാന ഗവൺമെന്റിന് തുടർച്ചയായ നാലാംതവണയും അവാർഡ് ലഭിച്ചത് അഭിനന്ദനാർഹമാണ്. പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാനും പുതിയ 9 വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും കഴിഞ്ഞു. ഐ.ടി. രംഗത്ത് ഉൾപ്പെടെ സമസ്തമേഖലയിലും പുരോഗതി കൈവരിച്ചു. വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് കാലോചിതമായ നടപടികൾ സ്വീകരിച്ചു. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി. കുത്തക മുതലാളിമാർക്കും വൻകിട കോർപ്പറേറ്റുകൾക്കും അനുകൂലമായ കേന്ദ്രനയം തിരുത്തണം. ജനനന്മയ്ക്കും വികസന പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. പി.സി. ജോർജ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സാമൂഹിക പ്രതിബദ്ധത ഇല്ലാത്ത സർക്കാർ വ്യക്തമായ കാഴ്ചപ്പാടില്ലാതെയുള്ള നയപ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. എൻ.ആർ.എച്ച്.എം. ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. എം.ജി. യൂണിവേഴ്സിറ്റിയിലെ ഡോക്ടർമാർക്കു വേണ്ടിയുള്ള ഒരു വർഷ ഡിപ്ലോമാ കോഴ്സിനുള്ള ഉത്തരവ് റദ്ദ് ചെയ്യണം. കൂട്ടുത്തരവാദിത്തവും പരസ്പര ബഹുമാനവുമില്ലാത്ത മന്ത്രിസഭയാണ് സംസ്ഥാനം ഭരിക്കുന്നത്. മലബാർ സിമന്റ്സിലെ കമ്പനി സെക്രട്ടറിയുടെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷിക്കണം. മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് 2001 മുതൽ 2010 വരെ തുടർച്ചയായി പ്രതികരിക്കുകയും രേഖാമൂലം മുഖ്യമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. സത്യസന്ധനായിരുന്ന ആ ഉദ്യോഗസ്ഥന്റെ കുടുംബത്തെ സന്ദർശിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. മലബാർ

സിമന്റ്സിലെ അഴിമതി ഇടപാടുകൾ കേസന്വേഷണത്തിലെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തണം.

ശ്രീ. എ. എം. ആരിഫ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കഴിഞ്ഞ നാലര വർഷത്തെ പെർഫോമൻസ് പരിശോധിച്ചാൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിച്ഛായ തകർന്നിരിക്കുന്നുവെന്ന് കാണാൻ കഴിയും. ആണവക്കരാർ സംബന്ധിച്ച് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. ആഗോള പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും കേരളത്തെ പുരോഗതിയുടെ പാതയിലേയ്ക്ക് നയിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. കേന്ദ്രപദ്ധതികൾ വിശ്വാസയോഗ്യമായി നടപ്പിലാക്കാൻ ഗവണ്മെന്റിന് കഴിഞ്ഞു. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പെൻഷൻ, പശ്ചാത്തല സൗകര്യ വികസനം, ക്രമസമാധാനപാലനം എന്നീ രംഗങ്ങളിലെല്ലാം ഈ ഗവൺമെന്റ് വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. വിലക്കയറ്റം തടയാൻ മാതൃകാപരമായ നടപടികൾ സ്വീകരിച്ചു. പെട്രോളിന്റെ വിലനിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയത് അപലപനീയമാണ്. നിത്യോപയോഗ സാധനങ്ങൾ വില കുറച്ചുകൊടുക്കാനും 43 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനുമുള്ള നടപടി സ്വാഗതാർഹമാണ്. പാവപ്പെട്ടവർക്കായി അഞ്ചുലക്ഷം വീട് നിർമ്മിച്ചുകൊടുത്തത് ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. ആരോഗ്യരംഗത്തും വമ്പിച്ച മാറ്റമുണ്ടായിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റാനും ആലപ്പുഴ ജില്ലയിൽ മൂന്ന് ആശുപത്രികൾ സ്ഥാപിക്കാനും കഴിഞ്ഞു. ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത രീതിയിലുള്ള പശ്ചാത്തല വികസനമാണ് ഇപ്പോൾ നടന്നു

കൊണ്ടിരിക്കുന്നത്. സംസ്ഥാനം കൈവരിച്ച അഭിവൃദ്ധിയും പുരോഗതിയും സമൃദ്ധിയുമെല്ലാം അംഗീകരിക്കപ്പെടുകയാണ്. പല മേഖലകളിലും മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ഖാദി മേഖലയുടെ വികസനത്തിന് ഗവൺമെന്റ് വേണ്ട പ്രോൽസാഹനം നൽകിയിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തികരംഗങ്ങളിൽ മാറ്റമുണ്ടാക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തത് സ്വാഗതാർഹമാണ്. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ അഴിമതി ഭരണമാണ് നടക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കാൻ കഴിഞ്ഞു. സർവ്വീസ് മേഖലയിൽ അഞ്ചുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം എന്ന തത്വം നടപ്പാക്കി. 41 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കാൻ സാധിച്ചു. ഗ്രാമീണ റോഡുകളുൾപ്പെടെ ഗതാഗതയോഗ്യമാക്കി. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റമുണ്ടാക്കി. ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി.-യുടെ പങ്കാളിത്തം 13 ശതമാനമായിരുന്നത് 27 ശതമാനമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ അഞ്ചുകൊല്ലത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ 19782 പേർക്ക് പുതുതായി തൊഴിൽ കൊടുക്കാനും ബസ് വാങ്ങുന്നതിലെ അഴിമതി ഇല്ലാതാക്കാനും സാധിച്ചു. ശുദ്ധജലവിതണരംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കാനും പൊതുവിതരണ സമ്പ്രദായം

ശക്തിപ്പെടുത്താനും സാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുകയും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. സമഗ്രമായ പോലീസ് നിയമം നടപ്പിലാക്കി. കർഷക ആത്മഹത്യ അവസാനിപ്പിച്ചു. കർഷകന് കൃഷി ചെയ്യാനുള്ള ആത്മവിശ്വാസം നൽകി. തരിശുഭൂമിയിൽ കൃഷിയിറക്കി കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി. നെല്ലിന് ന്യായമായ സംഭരണ വില കൊടുത്തു. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചു. അദാലത്തിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി അനുവദിച്ച തുകയിൽ 99.8 ശതമാനവും വിനിയോഗിച്ചു. മൽസ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളി. മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കി. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കാൻ സാധിച്ചു. പരസ്പരധാരണയോടുകൂടിയുള്ള ഭരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദേശ നയങ്ങളിലും ആഭ്യന്തര നയങ്ങളിലും സാമ്രാജ്യത്വ ശക്തികളുടെ താൽപ്പര്യങ്ങൾക്കനുരൂപമായ നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ തുടർച്ചയായി ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു തുടർഭരണം അനിവാര്യമാണ്.

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യ സർവ്വകലാശാല, മൽസ്യത്തൊഴിലാളി കടാശ്വാസ നിയമം, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, ന്യായവില ഷോപ്പുകൾ മുഖേനയും മറ്റ് സംവിധാനങ്ങളിലൂടെയും സബ്സിഡി നൽകി വിലക്കയറ്റ നിയന്ത്രണം, മരംകയറ്റ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി, മാരകരോഗം ബാധിച്ച

വർക്കും ബി.പി.എൽ. കുടുംബങ്ങൾക്കും 70,000 രൂപാവരെ ചികിൽസാ സഹായം, ബി.പി.എൽ. വിഭാഗത്തിലെ ഒരു ലക്ഷം സ്ത്രീകൾക്ക് രണ്ട് പെൺ ആടുകളെ നൽകാനുള്ള തീരുമാനം തുടങ്ങി നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ളത്. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ എല്ലാ വിഭാഗം തൊഴിലാളികളുടേയും പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിച്ചു. വഖഫ് ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കണം. സമുദായത്തിന്റെയും മതത്തിന്റെയും പേരുപറഞ്ഞ് സമൂഹത്തിന്റെ മുതൽ അന്യാധീനപ്പെടുത്തുന്നവർക്ക് കാലം മാപ്പ് നൽകുകയില്ല. മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധിയുമായി ബന്ധപ്പെട്ട് പെൻഷൻ നൽകുന്നതിനെ പ്രതിപക്ഷം എതിർക്കുന്നത് ന്യായീകരിക്കത്തക്കതല്ല. അവശതയനുഭവിക്കുന്ന ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് കരിപ്പൂർ ഹജ്ജ് ഹൗസ് രൂപീകരിച്ചിട്ടുള്ളത്. എഫ്.സി.ഐ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വീതിച്ചുകൊടുക്കണമെന്ന സുപ്രീംകോടതി നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പാലിച്ചിട്ടില്ല. ആദർശ് ഫ്ളാറ്റ് കുംഭകോണം നിസ്സാരവൽക്കരിക്കപ്പെടേണ്ടതല്ല.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ പ്രസംഗങ്ങളിലും ബഡ്ജറ്റ് പ്രസംഗങ്ങളിലുമുള്ള പ്രഖ്യാപനങ്ങളൊന്നും നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനങ്ങളേയും സഭയേയും കബളിപ്പിക്കാനാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ശ്രമിച്ചത്. കഴിഞ്ഞ നാലര വർഷത്തെ ഇടതുപക്ഷ ഭരണം ജനജീവിതം തകർത്തിരിക്കു

കയാണ്. കേരളത്തിൽ മുതലാളിത്ത ഭരണമാണ് നടക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിന്റെ മറവിൽ സ്വാശ്രയ മാനേജ്മെന്റുകൾക്ക് വിദ്യാഭ്യാസ കച്ചവടം നടത്താൻ അവസരം ഉണ്ടാക്കിക്കൊടുക്കുകയും പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുകയും ചെയ്തു. മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ആരോഗ്യ മേഖല തകർന്നിരിക്കുന്നു. ഉന്മൂലനം ചെയ്യപ്പെട്ട പല പകർച്ചവ്യാധികളും തിരിച്ചുവരുന്ന സ്ഥിതിയാണുള്ളത്. മരുന്ന് വാങ്ങുന്നതിലും അഴിമതി നടക്കുന്നു. തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിച്ചില്ല. വ്യാവസായിക പുരോഗതിയിൽ കേരളം പിന്നിലാണ്. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ക്രമസമാധാനനില തകർത്തു. മോഷണം,സ്ത്രീപീഡനം, കൊലപാതകം, തീവ്രവാദ പ്രവർത്തനം, രാഷ്ട്രീയ സംഘട്ടനം മുതലായവ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര ധനസഹായംകൊണ്ടാണ് കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചത്. കഴിഞ്ഞ സർക്കാർ കുടുംബശ്രീക്ക് അനുവദിച്ച സഹായം വെട്ടിക്കുറച്ചു. 'ആശ്രയ' പദ്ധതി പ്രാവർത്തികമാക്കിയില്ല. പാവപ്പെട്ട ജനവിഭാഗങ്ങളെ മറന്ന, ലോട്ടറി മാഫിയകളോടും മദ്യരാജാക്കന്മാരോടും പ്രതിബദ്ധതയുള്ള ഗവൺമെന്റാണിത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിൽ അഴിമതിരഹിത ഭരണമാണ് നടക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വിവിധ അവാർഡുകളും പാരിതോഷികങ്ങളും നൽകി സംസ്ഥാന ഗവൺമെന്റിനെ പ്രകീർത്തിക്കുകയാണ് ചെയ്യുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കാൻ കഴിഞ്ഞു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും കുടുംബങ്ങൾക്ക് സമാശ്വാസം

നൽകുകയും ചെയ്തു. കാർഷിക കടാശ്വാസ കമ്മീഷനും കർഷക ക്ഷേമനിധിയും നടപ്പിലാക്കി. കൃഷി അഭിവൃദ്ധിപ്പെട്ടതും നെല്ലിന്റെ സംഭരണ വില 13 രൂപയായി ഉയർത്തിയതും കിസാൻ അഭിമാൻ പദ്ധതിയിലൂടെ കർഷകർക്ക് പെൻഷൻ കൊടുക്കാനുള്ള തീരുമാനമെടുത്തതും അഭിനന്ദനാർഹമാണ്. തരിശുഭൂമി കൃഷിക്കുപയുക്തമാക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ പ്രയോജനം 40 ലക്ഷത്തോളം കുടുംബങ്ങൾക്ക് ലഭ്യമാക്കി. സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള നടപടി വിലക്കയറ്റം പിടിച്ചു നിർത്താൻ പര്യാപ്തമാണ്. മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളി. ഇ.എം.എസ്. ഭവന നിർമ്മാണപദ്ധതിയിലൂടെ 5 ലക്ഷം വീടുകൾ നിർമ്മിച്ചുനൽകുകയും എം.എൻ. പാർപ്പിട പദ്ധതിപ്രകാരം ഒട്ടനവധി വീടുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തു. ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും, മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കും, വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും എന്നീ സർവ്വകലാശാലകൾ ആരംഭിച്ചു. കലാമണ്ഡലത്തിന് ഡീംഡ് യൂണിവേഴ്സിറ്റി പദവി നൽകി. അലിഗഢ് യൂണിവേഴ്സിറ്റിയുടെ ബ്രാഞ്ച് ആരംഭിച്ചു. മലയാളം യൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഐ.ടി. സ്കൂൾ, കൊല്ലത്ത് ഇൻഫോപാർക്ക്, ടെക്നോസിറ്റിയുടെ പുതിയ മേഖലാ പദ്ധതി പൂർത്തീകരണം, 31 ലക്ഷം

സ്ക്വയർ ഫീറ്റിൽ ഇൻഫോ പാർക്കിന്റെ പൂർത്തീകരണം, കൊരട്ടി ഇൻഫോ പാർക്ക്, ചേർത്തല ഇൻഫോപാർക്ക് ഇതെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്ത മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ ഗവൺമെന്റിനു സാധിച്ചു. പാവപ്പെട്ടവർക്കുവേണ്ടി അഞ്ചുലക്ഷം വീടുകൾ പണിതുനൽകാനും പട്ടികജാതിക്കാരുടെ 22 ലക്ഷം വീടുകളിൽ വൈദ്യുതി എത്തിക്കാനും സാധിച്ചു. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിച്ചു. അങ്കമാലി റെയിൽപാതയെ പൂർണ്ണമായി പിന്താങ്ങുകയും അതിന്റെ അലൈൻമെന്റ് ജനവാസമില്ലാത്ത മേഖലയിൽകൂടി പോകേണ്ടതുമാണ്. എന്നാൽ പൂഞ്ഞാർ എം.എൽ.എ അഭിപ്രായപ്പെട്ടത് ശബരിമല-എരുമേലി റെയിൽപാതയ്ക്കുപകരം ശബരിമല-വള്ളക്കടവ് റെയിൽപാത വേണമെന്നാണ്.

ശ്രീമതി കെ.കെ. ലതിക: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്ക് വീട് നൽകുക, മിച്ചഭൂമി പതിച്ചുനൽകുക, ലക്ഷംവീട് പുനർനിർമ്മിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുക, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ഭൂമി നൽകുക, സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുക തുടങ്ങിയവ ഈ ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങളാണ്. ആരോഗ്യരംഗത്ത് സമഗ്രമായ മാറ്റം വരുത്തി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വികസിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തി. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ്

യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേന്ദ്രം നടത്തുന്നത്. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട 22 ലക്ഷം പേർക്ക് വൈദ്യുതി ലഭ്യമാക്കി.. റോഡുകൾ ഗതാഗതയോഗ്യമാക്കി. കാർഷികമേഖല പുനരുദ്ധരിച്ചു. നെൽകർഷകർക്ക് പെൻഷൻ അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. സാമൂഹിക നീതിയിലധിഷ്ഠി തമായതും പ്രാവർത്തികമാകുന്നതുമായ പ്രഖ്യാപനങ്ങളാണ് ഗവർണറുടെ പ്രസംഗത്തിലുളളത്. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ പഞ്ചായ ത്തിലും ഓരോ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിച്ചു. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് അമ്പത് ശത മാനം സംവരണമേർപ്പെടുത്തി. ഇൻഡ്യയൊട്ടാകെ നിത്യോപയോഗ സാധന ങ്ങളുടെ വില വർദ്ധിച്ചപ്പോൾ പൊതുവിപണിയിലിടപെട്ടുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചു.

<u>ശ്രീ. വർക്കല കഹാർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രകടനപത്രി കയിലെ പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാത്ത സർക്കാരാണിത്. പരസ്പരവിരുദ്ധ നയങ്ങൾ സ്വീകരിക്കുന്ന സർക്കാരിന്റെ ആവർത്തന വിരസ മായ പ്രഖ്യാപനങ്ങളാണ് ഗവർണറുടെ പ്രസംഗത്തിലുള്ളത്. സ്വന്തം ഭരണ ത്തിൻകീഴിലെ അഴിമതി സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട മുഖ്യമന്ത്രി നയിക്കുന്ന ഈ സർക്കാരിനെ പിന്തുണയ്ക്കുന്ന ഭരണ കക്ഷി മെമ്പർമാർക്ക് സ്ത്രീപീഡനത്തെക്കുറിച്ചും അഴിമതിയെക്കുറിച്ചും പ്രതിപക്ഷത്തിനുമേൽ ആരോപണമുന്നയിക്കാൻ

യാതൊരവകാശവുമില്ല. തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാത്തതിനാൽ കേന്ദ്ര സർക്കാർ നൽകിയ ആയിരം കോടി രൂപ നഷ്ടപ്പെടുകയാണ്.

ശ്രീ. എ. കെ. ചന്ദ്രൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഗവണ്മെന്റാണിത്. കേന്ദ്ര ഗവണ്മെന്റ് വൻകിട കുത്തകകളെ നികുതി ഇളവുകൾ നൽകി സംരക്ഷിക്കുകയാണ്. ഇൻഡ്യയൊട്ടാകെ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിച്ചപ്പോൾ സിവിൽ സപ്ലൈസ്, സഹകരണ വകുപ്പുകൾ സംയുക്തമായി ഇടപെട്ടതുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചു. കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കള്ളപ്പണക്കാരെ പുറത്തുകൊണ്ടുവരാനാവശ്യമായ യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് രണ്ട് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്ന പദ്ധതി പ്രശംസനീയമാണ്. വൈദ്യുതി പ്രസരണ-വിതരണരംഗം കാര്യക്ഷമമാക്കാൻ കഴിഞ്ഞു.

ശ്രീ. പി. കൃഷ്ണപ്രസാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യത്താകമാനം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിച്ചപ്പോൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചു. ഇൻഡ്യാ ഗവൺമെന്റ് പൊതുമേഖലയിലെ ഓഹരി വിൽപന നടത്തുക മാത്രമല്ല, പ്രതിരോധ വകുപ്പിൽപ്പോലും സ്വകാര്യ പങ്കാളിത്തം അനുവദിച്ചുകൊടുക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. നിരവധി അഴിമതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. 41 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക്

അരി നൽകാൻ സംസ്ഥാന ഗവൺമെന്റിന് സാധിച്ചപ്പോൾ മൂന്നുരൂപയ്ക്ക് അരി നൽകുമെന്ന കേന്ദ്ര പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. കർഷക കടാശ്വാസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു. കർഷക ആത്മഹത്യ ഇല്ലാതാക്കി. സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം അഞ്ചുലക്ഷം പേർക്ക് വീട് നൽകി. പത്തുലക്ഷം പീഡിത തൊഴിലാളികൾക്കുള്ള ക്ഷേമ പെൻഷൻ പദ്ധതിയും പ്രവാസി പെൻഷൻ പദ്ധതിയും നടപ്പിലാക്കിയത് ഈ സർക്കാരാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷത്തിനിടയ്ക്ക് സംസ്ഥാനത്തെ ഒരു മന്ത്രിക്കെതിരെപോലും അഴിമതി ആരോപണമുന്നയിക്കാൻ പ്രതിപക്ഷത്തിനു സാധിച്ചിട്ടില്ല. കന്ദ്ര നിയമത്തിലെ അപാകത കാരണമാണ് ലോട്ടറിയുമായി ബന്ധപ്പെട്ടുണ്ടായ അഴിമതി ഇല്ലാതാക്കാൻ കഴിയാത്തത്. പശ്ചാത്തല വികസനത്തിനായി മൂവായിരം കോടി രൂപ നൽകാനും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാനും മലബാറിന് പ്രത്യേക പാക്കേജ് കൊണ്ടുവരാനും സാധിച്ചു. ഒന്നര ലക്ഷം കർഷകർക്കും 20048 ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകിയതും ലംപ്സംഗ്രാന്റ് 1500 രൂപയാക്കി ഉയർത്തിയതും ഈ ഗവൺമെന്റാണ്. ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. ആവശ്യത്തിന് നേഴ്സുമാരെയും ഡോക്ടർമാരെയും നിയമിച്ച് സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിവിധ സ്കീമുകൾക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരിയാണ് കേരള സർക്കാർ ഇവിടെ കിലോയ്ക്ക് രണ്ട് രൂപയ്ക്ക് വിതരണം ചെയ്യുന്നത്.

മൽസ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന്റെ ഭാഗമായി 394 കോടി രൂപ എഴുതിത്തള്ളു മെന്ന പ്രഖ്യാപനം പൂർണ്ണമായും നടപ്പായിട്ടില്ല. സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ നല്ലൊരു ശതമാനവും കേന്ദ്ര സർക്കാരിൽ നിന്നുള്ളതാണ്. അതെല്ലാം സംസ്ഥാന സർക്കാരിന്റേതാക്കി മാറ്റുന്നത് ശരിയല്ല. സ്മാർട്ട് സിറ്റിക്കുവേണ്ടിയുള്ള പാട്ടക്കരാർ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിന്റെ കരാറിന് വിരുദ്ധമാണ്. സ്മാർട്ട് സിറ്റിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാനോ പണി എന്ന് തുടങ്ങുമെന്ന് പറയാനോ സർക്കാരിന് ഇതുവരെയും സാധിച്ചിട്ടില്ല. ഇൻഫോ പാർക്ക് സ്വകാര്യ കമ്പനിക്ക് ലീസിന് കൊടുത്ത നടപടി ശരിയല്ല. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പകുതി സഹായം കേന്ദ്ര സർക്കാർ തരണമെന്ന വാദം പ്രായോഗികമല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിലക്കയറ്റത്തിനെതിരായി സഭയിൽ ഒരു പ്രമേയംപോലും കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ജനങ്ങൾക്ക് സ്ഥായിയായ വരുമാനം ഉണ്ടാക്കിക്കൊടുക്കാനാവശ്യമായ പദ്ധതികളുണ്ടാകണം. വികസനകാഴ്ചപ്പാടിലൂടെ മുന്നോട്ടുപോകാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല.

## വ്യക്തിപരമായ വിശദീകരണം

<u>വസ്തുതാവിരുദ്ധമായി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്</u>

<u>ശ്രീ. പി. സി. ജോർജ്</u>: ശ്രീ. അൽഫോൺസ് കണ്ണന്താനം ഉന്നയിച്ച ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു. ഞാനും പാലാ മെമ്പറും വാഴൂർ മെമ്പറും ശബരിമല-എരുമേലി റെയിൽവേയ്ക്കു പകരം ശബരിമല-വള്ളക്കടവ് റെയിൽവേയ്ക്കുവേണ്ടി നിവേദനം കൊടുത്തതിന്റെ

തെളിവുകൾ ഉണ്ടെന്നാണ് ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞത്. ഞാനും ശ്രീ. അൽഫോൺസ് കണ്ണന്താനവും വാഴൂർ എം.എൽ.എ-യും ചേർന്ന് ഒപ്പിട്ട് വള്ളക്കടവ് പദ്ധതി നടപ്പിലാക്കണമെന്ന് പറഞ്ഞ് ശ്രീ. ലാലു പ്രസാദ് യാദവിന് സമർപ്പിച്ച നിവേദനമായിരുന്നു അത്. അത് പത്രസമ്മേളനത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുമുണ്ട്. വസ്തുതാവിരുദ്ധമായി അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.